**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭയിൽ ചെറുവയ്ക്കൽ വില്ലേജിൽ സ്കൂൾ കെട്ടിട നിർമ്മാണം ലേ ഔട്ട് അംഗീകാരം - ഉത്തരവാകുന്നു.

സൂചന:- 1)തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 30.11.2020 ലെ UE2/4796/2020 നമ്പർ കത്ത്

2)സർക്കാറിൽ നിന്നുള്ള 29.02.2020 ലെ LSGD-RA2/218/2019-LSGD നമ്പർ കത്ത്

3) ഈ ഓഫീസിലെ 22.05.2020 ലെ TCPTVM/814/2020 നമ്പർ ഉത്തരവ്

4) PWD NH Sub Division ന്റെ 17.06.2021 ലെ എ. ബി2/1333/2016 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/375/2021-D തീയതി 20/07/2021</u>**

തിരുവനന്തപുരം നഗരസഭ, ചെറുവയ്ക്കൽ വില്ലേജ് സർവ്വേ നമ്പർ 237/ 2 യിൽ ഉൾപ്പെട്ട 8.4580 ഹെക്ടർ വസ്തുവിൽ 3795.40 ച.മി വിസ്തീർണത്തിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്ന തിനായി, സെക്രട്ടറി, കേരള ജെസ്യൂട്ട് സോസൈറ്റി സമർപ്പിച്ച അപേക്ഷയിൻമേലുള്ള സ്ഥലപരിശോധനയിൽ ശ്രീകാര്യം ജംഗ്ഷനോട് ചേരുന്നതിന് തൊട്ട് മുൻപ് ഏകദേശം 100 മീറ്റർ നീളത്തിൽ റോഡിന്റെ വീതി 7.4 m, 7.8 m എന്നീ അളവുകളായി കുറയുന്നു. ആയതിനാൽ ആവശ്യമായ access width ഇല്ലാതെ വരുന്നു. സൂചന (2) കത്ത് മുഖേന ശ്രീകാര്യം-ചെറുവയ്ക്കൽ റോഡ് വീതി 12 മീ ആയി കൂട്ടുന്നതിനുള്ള പ്രോപ്പോസൽ നിലവിലുണ്ടെന്നും ആയതിന് സ്ഥലം ഏറ്റെടുപ്പിനുള്ള നടപടി സ്വീകരിച്ചു വരുന്നെന്നും സർക്കാരിൽ നിന്നും അറിയിച്ചത്തിൻറെ അടിസ്ഥാനത്തിൽ ഇതേ വസ്തുവിൽ 4306.29 ച.മി വിസ്തീർണ്ണമുള്ള കോളേജ് കെട്ടിടത്തിന് സൂചന (3) പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്.

സൂചന (4) കത്ത് പരിഗണിക്കുമ്പോൾ ശ്രീകാര്യം - ചെറുവയ്ക്കൽ റോഡിലേയ്ക്ക് 50 m നീളത്തിൽ, 19 m വീതിയിൽ വികസിപ്പിക്കാനാണ് നിർദ്ദേശം എന്നും അതിനപ്പുറം 75 m നീളത്തിൽ ഈ വീതി ക്രമേണ കുറച്ച് കൊണ്ട് നിലവിലുള്ള റോഡിൻറെ അതിരുമായി യോജിപ്പിക്കുമെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ ഈ ഓഫീസിൽ സ്ഥല പരിശോധന നടത്തിയതിൻറേയും, സൂചന (2), സൂചന (3) കത്തുകളുടെ അടിസ്ഥാന ത്തിൽ സ്കൂൾ കെട്ടിടത്തിന് താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം

2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയെന്ന് ഉറപ്പുവരുത്തണം

3. നിർമ്മാണം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് എന്നിവയ്ക്ക് വിധേയമായിരിക്കണം

4. ലേ-ഔട്ടിലെ മറ്റു കെട്ടിടങ്ങൾ അംഗീകൃതങ്ങളാണെന്നു നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്

5. ചട്ട പ്രകാരമുള്ള പാർക്കിംഗ് നൽകേണ്ടതും പാർക്കിങ്ങിനായുള്ള സ്ഥലം ഉപയോഗമാറ്റം നടത്താൻ പാടില്ലാത്തതുമാകുന്നു

6. നിർദിഷ്ട കെട്ടിടത്തിന്റെ പ്രവേശനകവാടത്തിൽ നിന്നും 30 മീ. ദൂര പരിധിക്കുള്ളിൽ PH Car parking നൽകേണ്ടതാണ്

7. Fire escape stair നല്കിയിട്ടുള്ള ബാഹ്യ ഭിത്തിയുടെ ഏതെങ്കിലുമൊരു വശത്തു Openable glass / Break open glass നൽകേണ്ടതാണ്

8. ചട്ടപ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

9. ചട്ടപ്രകാരമുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ നൽകേണ്ടതാണ്

10. പ്രവേശന മാർഗത്തിന് ചട്ടപ്രകാരമുള്ള വീതി ഉറപ്പാക്കേണ്ടതാണ്

11. നിർദിഷ്ട നിർമ്മാണത്തിന് Pollution Control Board, Fire and Rescue Service എന്നിവരിൽ നിന്നും NOC ആവശ്യമാണ്

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണാനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>19/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.</u>

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)
THE PRINCIPAL,
LOYOLA SCHOOL,
SREEKARYAM P.O.,
THIRUVANANTHAPURAM.